(ബി) ഈ സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് അടുത്ത സാമ്പത്തിക വർഷത്തിലെങ്കിലും മുൻഗണന കൊടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു പരിഗണിക്കുന്നതാണ്.

ഹൈസ്ക്കൂൾ അസിസ്റ്റൻറുമാരുടെ തസ്തികകൾ

861 [1324] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ സോഷ്യൽ സ്റ്റഡീസ് സബ്ജക്റ്റിൽ ഹൈസ്ക്കൂൾ അസിസ്റ്റൻറുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്;

(ബി) പ്രസ്തുത തസ്തികകളിൽ ഉടനെ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്ന്.

(ബി) പ്രസ്തുത ഒഴിവിൽ നിയമനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാലക്കാട് ലോക്കൽ ലൈബ്രറി അതോറിറ്റി ജീവനക്കാർ

862 [1325] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലുള്ള ലോക്കൽ ലൈബ്രറി അതോറിറ്റി ജീവനക്കാർക്ക് ഒക്ടോബർ മാസം മുതൽ ശമ്പളം നൽകിയിട്ടില്ലെന്ന വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് അടിയന്തിരമായി ശമ്പളം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലുള്ള ലോക്കൽ ലൈബ്രറി അതോറിറ്റി ജീവനക്കാർക്ക് കഴിഞ്ഞ ഏതാനും മാസങ്ങളായി ശമ്പളം നൽകിയിട്ടില്ലെന്ന വസ്തുത സർക്കാരിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ലോക്കൽ ലൈബ്രറി അതോറിറ്റി ജീവനക്കാർക്ക് ലോക്കൽ ലൈബ്രറി അതോറിറ്റി ഫണ്ടിൽ നിന്നാണ് ശമ്പളം നൽകുന്നത്. ശമ്പളം നൽകുന്നതിനായി പാലക്കാട് ലോക്കൽ ലൈബ്രറി അതോറിറ്റി ഫണ്ടിൽ പണം ഇല്ലെന്ന് അറിഞ്ഞതുകൊണ്ട് പ്രസ്തുത ലോക്കൽ ലൈബ്രറി അതോറിറ്റിക്ക് 50,000 രൂപ സ്പെഷ്യൽ ഗ്രാൻറായി നൽകുന്നതിനെക്കുറിച്ചു പരിഗണിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly